# സഹിഷ്ണുതയുടെ പ്രാധാന്യം

സാക് പുന്നൻ

WFTW 18 ജനുവരി 2015

വെളിപ്പാട് 1:9,10 "നിങ്ങളുടെ സഹോദരനും യേശുവിന്റെ കഷ്ടതയിലും രാജ്യത്തിലും സഹിഷ് ണുതയിലും കൂട്ടാളിയുമായ യോഹന്നാൻ എന്ന ഞാൻ ദൈവവചനവും യേശുവിന്റെ സാക്ഷ്യവും നിമിത്തം പത്മോസ് എന്ന ദ്വീപിൽ ആയിരുന്നു. കർത്തൃദിവസത്തിൽ ഞാൻ ആത്മവിവശനായി, കാഹളത്തിനൊത്ത ഒരു മഹാനാദം എന്റെ പുറകിൽ ഞാൻ കേട്ടു."

യോഹന്നാൻ തന്നെ കുറിച്ചു തന്നെ പരാമർശിക്കുന്നത്, "യേശുവിന്റെ കഷ്ടതയിലെ കൂട്ടാളി'' എന്നാണ്. യേശുവിന്റെ ഓരോ ശിഷ്യനും 'യേശുവിന്റെ കഷ്ടതയ്ക്ക്' പങ്കാളിയാകുവാൻ ഒരുങ്ങേണ്ടതാണ്. യോഹന്നാന് ഈ വെളിപ്പാട് ലഭിച്ചത് സുഖസൌകര്യത്തിൽ ജീവിക്കുന്ന സമയത്തല്ല. പത്മോസിൽ കഷ്ടത അനുഭവിച്ചുകൊണ്ടിരിക്കുമ്പോളാണ് അദ്ദേഹം ഇത് പ്രാപിച്ചത്. കാരണം താൻ "ദൈവവചനത്തോടും ക്രിസ് തുവിന്റെ സാക്ഷ്യത്തോടും വിശ്വസ്തനായിരുന്നു'' (വാ.9). അന്ത്യ നാളുകളിൽ വിശുദ്ധന്മാർക്ക് എതിർക്രിസ് തുവിൽ നിന്ന് അനുഭവിക്കാനിരിക്കുന്ന മഹാകഷ്ടത്തെക്കുറിച്ച് എഴുതാൻ കഴിയേണ്ടതിന് അദ്ദേഹം തന്നെ കഷ്ടത അനുഭവിക്കേണ്ടിയിരുന്നു. കഷ്ടത നേരിടുന്ന മറ്റുള്ളവർക്കു വേണ്ടിയുള്ള ഒരു ശുശ്രൂഷ നമുക്കു നൽകുന്നതിനു മുമ്പ് ആദ്യം നമ്മെ ദൈവം ശോധനയിലൂടെയും കഷ്ടതയിലൂടെയും കൊണ്ടുപോകുന്നു.

പൌലൊസ് പറഞ്ഞു: "ദൈവം ഞങ്ങളെ ആശ്വസിപ്പിക്കുന്ന ആശ്വാസം കൊണ്ട് ഞങ്ങൾ യാതൊരു കഷ്ടത്തിലുമുള്ളവരെ ആശ്വസിപ്പിക്കാൻ ശക്തരാകേണ്ടതിനു ഞങ്ങൾക്കുള്ള കഷ്ടത്തിലൊക്കെയും അവൻ ഞങ്ങളെ ആശ്വസിപ്പിക്കുന്നു.'

യേശു രഹസ്യത്തിൽ വന്ന് തന്റെ സഭയെ മഹാകഷ്ടത്തിനു മുമ്പ് ലോകത്തിൽ നിന്ന് എടുക്കും (ഉൽപ്രാപണം) എന്ന ഉപദേശം ആദ്യമായി ഉയർന്നു വന്നത് ക്രിസ്ത്യാനികൾ വളരെ സുഖസൌകര്യത്തിൽ ജീവിച്ചിരുന്ന ഒരു രാജ്യത്തിൽ നിന്നാണ് (ഇംഗ്ളണ്ട്) എന്നതും വിശ്വാസത്തിനുവേണ്ടി ഒരുപദ്രവും നേരിടാത്ത സമയത്താണ് (19ാം നൂറ്റാണ്ടിന്റെ മധ്യത്തിൽ) എന്നതും ഒട്ടും അത്ഭുതമല്ല. ഇന്ന് ഈ ഉപദേശം പ്രഖ്യാപിക്കപ്പെടുന്നതും വിശ്വസിക്കപ്പെടുന്നതും ക്രിസ്ത്യാനികൾക്കെതിരെ ഒരു പീഢനവുമില്ലാത്ത രാജ്യങ്ങളിൽ സ്വസ്ഥതയിലും സുഖ സൌകര്യത്തിലും ജീവിക്കുന്ന ക്രിസ്ത്യാനികളാലാണ്. "കർത്താവേ എന്റെ ജീവിതം ഭൂമിയിൽ കൂടുതൽ സുഖപ്രഥമാക്കണമേ,'' അടിസ്ഥാനപരമായി അനേകം ക്രിസ് ത്യാനികളുടെയും പ്രാർത്ഥന ഈ ക്രമത്തിലായതിനാൽ, അവർ സഭയുടെ കഷ്ടതയ്ക്കു മുമ്പുള്ള ഉൽപ്രാപണത്തെക്കുറിച്ചുള്ള ഈ പഠിപ്പിക്കലിനെ വളരെ സന്തോഷത്തോടെ കൈക്കൊള്ളുന്നു എന്നതിൽ അത്ഭുതപ്പെടാനില്ല. അങ്ങനെ സാത്താൻ വലിയൊരു കൂട്ടം ക്രിസ്ത്യാനികളെ, അവരുടെമേൽ മഹാ കഷ്ടത വരുമ്പോൾ അതിനുവേണ്ടി ഒരുങ്ങിയിട്ടില്ലാത്തവരായിരിപ്പാൻ തക്കവണ്ണം ഒരു വ്യാജ സാന്ത്വനത്താൽ താരാട്ടി ഉറക്കുന്നതിൽ വിജയിച്ചിട്ടുണ്ട്.

യേശുവിന്റെ ഈ വാക്കുകൾ വളരെ വ്യക്തമാണ്. "ലോകത്തിൽ നിങ്ങൾക്കു കഷ്ടമുണ്ട്. എങ്കിലും ധൈര്യപ്പെടുവിൻ; ഞാൻ ലോകത്തെ ജയച്ചിരിക്കുന്നു'' (യോഹ. 16:33). നാം കഷ്ടത ഒഴിവായി രക്ഷിക്കപ്പെടും എന്ന് അവിടുന്ന് ഒരിക്കലും വാഗ്ദാനം ചെയ്തിട്ടില്ല അതു ചെറിയ കഷ്ടതയായാലും വലിയ കഷ് ടതയായാലും. എന്നാൽ അവിടുന്ന് ജയിച്ചതുപോലെ തന്നെ നമുക്കും ജയിക്കാം എന്ന് അവിടുന്നു പറഞ്ഞിട്ടുണ്ട്. നമ്മെ കഷ്ടതയിൽ നിന്ന് രക്ഷിക്കുന്നതിനെക്കാൾ അവിടുന്ന് കൂടുതൽ താൽപര്യപ്പെടുന്നത് നമ്മെ ജയാളികളാക്കി തീർക്കാനാണ്. കാരണം, അവിടുന്ന് നമ്മുടെ സുഖസൌകര്യങ്ങളെക്കാൾ കൂടുതൽ താല്പര്യപ്പെടുന്നത് നമ്മുടെ സ്വഭാവത്തിൽ ആണ്.

ചിലർ പഠിപ്പിന്നതുപോലെ, വിശ്വസ്തതയ്ക്കുള്ള പ്രതിഫലം മഹാകഷ്ടതിൽ നിന്നുള്ള രക്ഷപ്പെടലാണെന്നുള്ള കാര്യവും യേശു ഒരിക്കലും പറഞ്ഞിട്ടില്ല. മറിച്ച്, അവിടുത്തെ അനുഗമിക്കേണ്ടതിനായി

എല്ലാം ഉപേക്ഷിക്കുന്നവർക്ക്, അവനെ അനുഗമിക്കാത്ത മറ്റുള്ളവരെക്കാൾ അധികം ഉപദ്രവം ഉണ്ടാകും എന്നാണ് അവിടുന്നു പറഞ്ഞത് (മർക്കൊ. 10:30).

തന്റെ പിതാവിനോട് തന്റെ ശിഷ്യന്മാർക്കുവേണ്ടി പ്രാർത്ഥിച്ചപ്പോൾ അവിടുന്നു പറഞ്ഞു: “ഇവരെ ലോകത്തിൽ നിന്നെടുക്കണമെന്നല്ല, ദുഷ്ടന്റെ കയ്യിൽ അകപ്പെടാതവണ്ണം അവരെ കാത്തുകൊള്ളണം എന്നത്രേ ഞാൻ അങ്ങയോട് അപേക്ഷിക്കുന്നത്'' (യോഹ. 17:15). ആ സമയത്തു തന്റെ ശിഷ്യന്മാർ ലോകത്തിൽ നിന്ന് എടുക്കപ്പെടണമെന്ന് അവിടുന്ന് ആഗ്രഹിച്ചില്ല, കാരണം അവർ ഉപദ്രവം നേരിടാൻ പോകുകയായിരുന്നു.

മൂന്നാം നൂറ്റാണ്ടിൽ ക്രിസ്ത്യാനികൾ റോമിലെ ആംഫി തിയേറ്ററുകളിൽ സിംഹങ്ങൾക്ക് എറിഞ്ഞു കൊടുക്കപ്പെട്ടപ്പോഴും റോമൻ സാമ്രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലെ ചിതകളിൽ ദഹിപ്പിക്കപ്പെട്ടപ്പോഴും, അത്തരത്തിലുള്ള ഉപദ്രവങ്ങളിൽ നിന്ന് കർത്താവ് അവരെ രക്ഷിച്ചില്ല. ദാനിയേലിന്റെ കാലത്തു സിംഹങ്ങളുടെ വായടയ്ക്കുകയും അഗ്നികുണ്ഠത്തിന്റെ ശക്തി കെടുത്തിക്കളയുകയും ചെയ്ത ദൈവം യേശുവിന്റെ ഈ ശിഷ്യന്മാർക്കുവേണ്ടി അങ്ങനെയുള്ള അത്ഭുതങ്ങളൊന്നും ചെയ്തില്ല കാരണം ഇവ മരണത്തിലൂടെ ദൈവത്തെ മഹത്വപ്പെടുത്താനിരിക്കുന്ന പുതിയ ഉടമ്പടിയിലുള്ള ക്രിസ്താനികൾക്കുവേണ്ടിയുള്ളതായിരുന്നു. അവരുടെ ഗുരുവും നാഥനുമായ യേശുവിനെപ്പോലെ അവരും 12 ലെഗ്യോൻ ദൂതന്മാർ വന്ന് അവരെ അവരുടെ ശത്രുക്കളിൽ നിന്ന് രക്ഷിക്കണമെന്ന്, അപേക്ഷിക്കുകയോ അതു പ്രതീക്ഷിക്കുകയോ ചെയ്തില്ല.

സ്വർഗ്ഗത്തിൽ നിന്ന് ദൈവം തന്റെ പുത്രന്റെ കാന്ത സിംഹങ്ങളാൽ കഷണങ്ങളായി പറിച്ചു കീറപ്പെടുന്നതും, ദഹിപ്പിക്കപ്പെട്ടു ചാരമാകുന്നതും നിശ്ശബ്ദം നോക്കി കൊണ്ടിരുന്നു. അവരുടെ സാക്ഷ്യത്താൽ അവിടുന്ന് മഹത്വീകരിക്കപ്പെട്ടു കാരണം ക്രൂരമായ ശാരീരിക മരണത്തോളം പോലും അവർ “കുഞ്ഞാടു പോകുന്നിടത്തെല്ലാം അവിടുത്തെ അനുഗമിച്ചു'' (വെളി. 14:4). കർത്താവ് അവരോട് സംസാരിച്ച ഒരേ ഒരു വചനം ഇതായിരുന്നു “മരണപര്യന്തം വിശ്വസ്തനായിരിക്കുക എന്നാൽ ഞാൻ ജീവികരീടം നിനക്കു നൽകും'' (വെളി. 2:10).

ഇന്നുപോലും, യേശുവിന്റെ ശിഷ്യന്മാർ അവിടുത്തെ നാമത്തെ പ്രതി പീഡിപ്പിക്കപ്പെടുകയും, ഉപദ്രവിക്കപ്പെടുകയും ചെയ്യുമ്പോൾ, കർത്താവ് അവരെ ഭൂമിയിൽ നിന്നെടുക്കുന്നില്ല. അതുപോലെ അവിടുന്ന് മഹോപദ്രവത്തിന് മുമ്പ് നമ്മെ സ്വർഗ്ഗത്തിലേക്ക് എടുത്തുകൊള്ളുകയുമില്ല. അവിടുന്ന് അതിനേക്കാൾ വളരെ അധികം മെച്ചമായത് ചെയ്യും അവിടുന്ന് മഹോപദ്രപത്തിന്റെ മദ്ധ്യത്തിൽ നമ്മെ ജയാളികളാക്കിത്തീർക്കും.

യേശു നമ്മെ കഷ്ടതയിൽ നിന്നു വിടുവിക്കുന്നതിനേക്കാൾ തിന്മയിൽ നിന്ന് വിടുവിക്കാൻ അധികം താല്പര്യപ്പെടുന്നു. നമ്മെ കഷ്ടങ്ങളിൽ കൂടെ കടന്നു പോകുവാൻ അവിടുന്ന് അനുവദിക്കുന്നു. കാരണം അതു മാത്രമാണ് നാം ആത്മീയമായി ശക്തരായി തീരാനുള്ള ഏക വഴി എന്ന് അവിടുന്ന് അറിയുന്നു.

വർഷങ്ങളായി എല്ലാ ഞായറാഴ്ചകളിലും തങ്ങളുടെ പ്രസംഗ പീഠങ്ങളിൽ നിന്ന് കർണ്ണാനന്ദകരമായ പ്രഭാഷണങ്ങൾ നടത്തുന്ന പ്രസംഗകരാൽ താലോലിക്കപ്പെട്ടു കഴിയുന്നു, സുഖലോലുപതയെ സ്നേഹിക്കുന്ന, ക്രിസ്തീയ ഗോളത്തിന്, ഇങ്ങനെയുള്ള ഒരു സന്ദേശം വാസ്തവമായും വിചിത്രമായ പഠിപ്പിക്കലായിരിക്കും. എന്നാൽ ഈ സന്ദേശമായിരുന്നു അപ്പൊസ്തലന്മാർ ആദിമ സഭയോട് പ്രസംഗിച്ചത്. ‘‘വിശ്വാസത്തിൽ നിലനിൽക്കേണം എന്നും നാം അനേക കഷ്ടങ്ങളിൽ കൂടി ദൈവരാജ്യത്തിൽ കടക്കേണ്ടതാകുന്നു'' എന്നും പ്രബോധിപ്പിച്ച് അവർ (പൌലൊസും ബർണബാസും) ശിഷ്യന്മാരുടെ മനസ്സ് ഉറപ്പിച്ചു പോന്നു.

നമ്മുടെ ഭവനങ്ങളിലും ജോലി സ്ഥലങ്ങളിലും ഇപ്പോൾ നാം അഭിമുഖീകരിക്കുന്ന ചെറിയ ശോധനകൾ, വരുന്ന ദിവസങ്ങളിൽ വരാനിരിക്കുന്ന വലിയ ശോധനകൾക്കു വേണ്ടിയുള്ള ഒരു തയ്യാറെടുപ്പാണ്. അതുകൊണ്ടാണ് ഇപ്പോൾ നാം വിശ്വസ്തരായിരിക്കേണ്ടത് അത്യാവശ്യമായിരിക്കുന്നത്. അതുകൊണ്ട് ദൈവം പറയുന്നു “കാലാളുകളോട് ഓടിയിട്ട് നീ ക്ഷീണിച്ചുപോയാൽ, കുതിരകളോട്, എങ്ങനെ മത്സരിച്ചോടും? (യിരെ. 12:5).

യോഹന്നാൻ ഇവിടെ പറയുന്നത് "യേശുവിന്റെ കഷ്ടതയിലും രാജ്യത്തിലും സഹിഷ്ണുതയിലും കൂട്ടാളി'' ആകുന്നതിനെക്കുറിച്ചാണ് (വാ.9). തന്റെ രാജ്യത്തിൽ അവിടുത്തോടുകൂടെ സിംഹാസനത്തിൽ പങ്കാളിയാകുന്നതിനു മുമ്പേ നാം യേശുവിന്റെ കഷ്ടതയിലുള്ള കൂട്ടായ്മയിൽ പ്രവേശിക്കേണ്ടതുണ്ട്.

പുതിയ നിയമത്തിലുടനീളം ഊന്നൽ കൊടുത്തിരിക്കുന്ന ഒരു വലിയ ഗുണമാണ് സഹിഷ്ണുത. യേശു തന്നെ പറഞ്ഞു: "അവർ നിങ്ങളെ ഉപദ്രവത്തിന് ഏല്പിക്കും... എന്നാൽ അവസാനത്തോളം സഹിച്ചു നിൽക്കുന്നവർ രക്ഷിക്കപ്പെടും'' (മത്താ. 24:13).